പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം.6211 07.11.2016 ൽ മറുപടി പറയേണ്ടിയിരുന്നത്

## ഇൻഫർമേഷൻ കേരള മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ഇ.എസ്. ബിജിമോൾ<br>ശ്രീ. ആർ. രാമചന്ദ്രൻ<br>ശ്രീ. വി. ആർ. സുനിൽ കുമാർ<br>ശ്രീ. എൽദോ എബ്രഹാം | ശ്രീ. കെ. ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) ഇൻഫർമേഷൻ കേരളാ മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ അറിയിക്കുമോ; | എ) സംസ്ഥാനത്തെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളെയും കമ്പ്യൂട്ടർവൽക്കരിച്ച് ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കുകയെന്ന ലക്ഷ്യത്തോടെ രൂപീകരിച്ച സ്ഥാപനമാണ് ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം). കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും നെറ്റ് വർക്ക് സംവിധാനങ്ങളും സ്ഥാപിക്കുക, വിവിധ ആവശ്യങ്ങൾക്കായി സോഫ്റ്റ് വെയർ ആപ്ലിക്കേഷനുകൾ രൂപ കൽപ്പന ചെയ്ത് വിന്യസിക്കുക, ജീവനക്കാരെ പരിശീലിപ്പിക്കുക, ആവശ്യമായ സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കുക തുടങ്ങിയവയാണ് ഇൻഫർമേഷൻ കേരള മിഷനിൽ നിക്ഷിപ്തമായ പ്രധാന പ്രവർത്തനങ്ങൾ. |
| ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം ഫലപ്രദമാക്കുന്നതിൽ ഇൻഫർമേഷൻ കേരളാ മിഷൻ വഹിച്ച പങ്ക് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ; | ബി) ഉണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവുമായി നിർവ്വഹിക്കുന്നതിനായി ഇ-ഗവേണൻസ് നടപ്പാക്കുക എന്നതാണ് ഇൻഫർമേഷൻ കേരള മിഷനിൽ നിക്ഷിപ്തമായ പ്രധാന പ്രവർത്തനം. |

| | | | |
|---|---|---|---|
| | | | തദ്ദേശഭരണ സ്ഥാപനങ്ങളിലെ വിവിധ പ്രവർത്തനങ്ങൾ **ഇലക്ട്രോണിക്കായി** നിർവ്വഹിക്കുന്നതും അതുവഴി സുതാര്യവും കാര്യക്ഷമവുമായി നടപ്പിലാക്കുന്നതും ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച് വിന്യസിപ്പിച്ച വിവിധ സോഫ്റ്റ് വെയറുകൾ മുഖേനയാണ് . |
| സി) | ഇൻഫർമേഷൻ കേരളാ മിഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്നറിയിക്കുമോ? | സി) | ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച് വിന്യസിച്ചിട്ടുള്ള സോഫ്റ്റ് വെയറുകൾ കൈകാര്യം ചെയ്യുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധികൾ പരിഹരിച്ച് കുറ്റമറ്റ രീതിയിലുള്ള പ്രവർത്തനം ഉറപ്പ് വരുത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കുവാൻ ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ